ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീം

93 [1030] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പദ്ധതി ഭാഗികമായി എങ്കിലും കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികളാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്;

(സി) പൂർണ്ണമായും പദ്ധതി കമ്മീഷൻ ചെയ്യാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പദ്ധതിക്ക് ഭരണാനുമതി നൽകിയത് എന്നാണെന്നും ടെണ്ടർ വിളിച്ച് ആദ്യഘട്ടം എന്നാണ് അവാർഡ് ചെയ്തതെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇരിക്കൂർ വാട്ടർ സപ്ലൈ സ്കീമിന്റെ ഇൻടേക്ക് വെൽ, രണ്ട് മുതല സംഭരണികൾ, ഒരു ഉന്നതതല സംഭരണി, ഗ്യാപ്കണക്ഷൻ ഒഴികെയുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 36 കിലോമീറ്റർ വിതരണശൃംഖല എന്നീ ഘടകങ്ങൾ പൂർത്തിയാക്കി. 5.50 എം. എൽ. ഡി. ട്രീറ്റ്മെന്റ് പ്ലാന്റിന്റെ ടെണ്ടർ വാട്ടർ അതോറിറ്റി ബോർഡിന്റെ പരിഗണനയിലാണ്. റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 16 കിലോമീറ്റർ വിതരണശൃംഖല ടെണ്ടർ ചെയ്ത് വർക്ക് അവാർഡ് ചെയ്തു. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 17 കിലോമീറ്റർ വിതരണശൃംഖല എന്നിവ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വൈദ്യുതി കണക്ഷനുവേണ്ടി പ്രോസ്സസിംഗ് ഫീസ് അടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുന്നതിനുവേണ്ടി ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ - ഗ്യാപ്കണക്ഷൻ 1100 മീറ്റർ, റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റ് സ്ഥാപിക്കൽ, പവർ കണക്ഷൻ, 33 കിലോമീറ്റർ വിതരണശൃംഖല എന്നിവ പൂർത്തീകരിക്കുവാനുണ്ട്.

(സി) മേൽപ്പറഞ്ഞ പ്രവൃത്തികൾക്കു പുറമെ 5.50 എം. എൽ. ഡി. ശേഷിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റ്, 91 കിലോമീറ്റർ വിതരണശൃംഖല എന്നിവ കൂടി പൂർത്തീകരിക്കുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിക്ക് എ. ആർ. പി. സ്കീമിൽ ഉൾപ്പെടുത്തി 14-12-1990-ൽ ഭരണാനുമതി നൽകി. എന്നാൽ എ. ആർ. പി. സ്കീമിൽ പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ പി. എം. ജി. വൈ. സ്കീമിൽ ഉൾപ്പെടുത്തി 3-1-2003-ൽ ഭരണാനുമതി നൽകി. ഈ പദ്ധതിയുടെ സ്രോതസ്സിന്റെ പണി 1991-ൽ ടെണ്ടർ വിളിച്ച് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

ഇളമാട്, ഇട്ടിവ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള പദ്ധതികൾ

94 [1031] *ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള മീനാട് പദ്ധതിയിൽ ഉൾപ്പെട്ട ഇളമാട് ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതിയുടെ പണി എന്നേക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി അനുവദിച്ചിട്ടുള്ളത്;

(സി) പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ഡി) ഇതുവരെ ഒരു തരത്തിലുള്ള കുടിവെള്ള പദ്ധതിയും നടപ്പാക്കിയിട്ടില്ലാത്ത ഇട്ടിവ ഗ്രാമപഞ്ചായത്തിൽ ഒരു സമഗ്ര കുടിവെള്ള പദ്ധതിക്കുള്ള സർവ്വേ പൂർത്തീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ പ്രസ്തുത പഞ്ചായത്തിൽ കുടിവെള്ള പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; എത്ര തുക ഇതിലേക്ക് ചെലവഴിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മീനാട് പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ 2005 നവംബർ മാസത്തോടെ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ബി) മീനാട് പദ്ധതിയുടെ അടങ്കൽ തുക 175.96 കോടി രൂപയാണ്.

(സി) 2007 ആഗസ്റ്റ് മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) പ്രസ്തുത പഞ്ചായത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കുടിവെള്ള പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് ഏകദേശം 1040 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly